Registered A/D

നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്, ഉത്തരമേഖലാ കാര്യാലയം, വളപ്പട്ടണം ഗ്രാമ പഞ്ചായത്തിൽ ചട്ട ലംഘനങ്ങളോടു കൂടി പ്ലാൻ സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ – എ ശ്രീ. മഹമൂദ് ഒ. വി.യുടെ രജിസ്ട്രേഷൻ (Reg. No.E-2050/08/5162/KKD/134/2013/EA) സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ ഇ – 3391/2015 | തിയ്യതി, കോഴിക്കോട്, 22/7/2016

പരാമർശം:– 1. സർക്കാറിന്റെ 11/8/2015 ലെ 61051/ആർ.ബി.2/14/ത.സ്വ.ഭവ നമ്പർ കത്ത്

2. ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ 22/7/2014 ലെ 595/14 നമ്പർ റിപ്പോർട്ട്
3. **വളപട്ടണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 13/11/2015 ലെ എ3-2631/14** നമ്പർ കത്ത്
4. ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ ശ്രീ. ഒ.വി. മഹമൂദിന് 10/3/2016 തിയ്യതിയായി ഈ ഓഫീസിൽ നിന്നും നൽകിയ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. ഒ.വി. മഹമൂദിന്റെ 13/4/2016 തിയതിയിലെ മറുപടി
6. ശ്രീ. ഒ.വി. മഹമൂദ് 25/5/2016 ന് നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ നേരിൽ ഹാജരായി നൽകിയ മൊഴി.

-----

# ഉത്തരവ്

വളപട്ടണം ഗ്രാമ പഞ്ചായത്തിലെ വളപട്ടണം വില്ലേജ്, സർവ്വെ നമ്പർ 4/1 എ ൽ ഉൾപ്പെട്ട ഭൂമിയിൽ നിർമ്മിച്ച ലേബർ ക്വാർട്ടേഴ്സ് കെട്ടിടം ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിട ഉടമകളായ ശ്രീ. ടി. പി. ഹനീഫ, സി.പി. ജാവിദ്, സി.പി. ഫാത്തിമ, വുഡ് റോസ്, താണ, കണ്ണൂർ എന്നവർ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയും, പ്ലാനും, ടൗൺ പ്ലാനർ (വിജി) പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ – എ ശ്രീ. ഒ.വി. മഹമൂദ്, യമാമ, താണ പോസ്റ്റ്, കണ്ണൂർ (Reg. No.E-2050/08/5162/KKD/134/2013/EA) എന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ടി വിഷയത്തിൽ വളപട്ടണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പരാമർശം (3) പ്രകാരം ലഭ്യമാക്കുകയും 1999 ലെ കെ.എം.ബി.ആർ ചട്ടം 153 (7), (8), ന് വിധേയമായി ലൈസൻസ്ഡ് എഞ്ചിനീയർ ശ്രീ. ഒ.വി. മഹമൂദിന് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ആയതിന് പരാമർശം (5) പ്രകാരം ടിയാൻ മറുപടി സമർപ്പിക്കുകയും, കൂടാതെ ടിയാന് നേരിൽ കേൾക്കുന്നതിന് അവസരം നൽകുകയും പരാമർശം (6) പ്രകാരം മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നിർമ്മാണം നടന്ന പ്ലോട്ടിൽ ഉടമകളുടെ ഉടമസ്ഥതയിൽ തന്നെയുള്ള തൊട്ടടുത്ത സ്ഥലം സംബന്ധിച്ചുള്ള വിവരങ്ങൾ സമർപ്പിക്കപ്പെട്ട പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ 2011 ലെ കെ.പി.ബി.ആർ ചട്ടം 7(11) (എ) (1) ന്റെ ലംഘനം, ബന്ധപ്പെട്ട അധികാരികളിൽ നിന്നും ചട്ടം 59(2) പ്രകാരം ലഭിക്കേണ്ടുന്ന അനുമതി ലഭിച്ചിട്ടില്ല ; സൈറ്റ് പ്ലാനിൽ പാസേജ് വീതി കാണിച്ചിട്ടില്ല, മുൻവശ റോഡിൽ നിന്നും കെട്ടിടത്തിലേയ്ക്ക് ആവശ്യമായ 4 മീ ദൂരം ലഭ്യമല്ല, സൈറ്റ് പ്ലാൻ പ്രകാരം പ്ലോട്ടിന്റെ വിസ്തീർണ്ണം 19.79 സെന്റ് എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥലത്തിന്റെ ആധാര പ്രകാരം ആയത് 9.75 സെന്റ് മാത്രമാണ് എന്നീ ചട്ട ലംഘനങ്ങളാണ് CTP (വിജി) ന്റെ രണ്ടാം പരാമർശിത റിപ്പോർട്ടിൽ പ്രധാനമായും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. മേൽ കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഈ ഓഫീസിൽ നിന്നും ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (5) പ്രകാരം സമർപ്പിച്ച മറുപടിയിൽ ടി അപാകതകൾ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്ന സമയത്ത് പഞ്ചായത്ത് സെക്രട്ടറി പരിശോധിക്കേണ്ട കാര്യങ്ങളാണ് എന്നതിനാൽ ടിയാനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കരുതെന്നുമാണ് സമർത്ഥിച്ചിരിക്കുന്നത്. എന്നാൽ 1999 ലെ കെ.എം.ബി.ആർ. ചട്ടം 153, രജിസ്റ്റർ ചെയ്ത ആർക്കിടെക്റ്റുകൾക്കും മറ്റും ഉള്ള ഉത്തരവാദിത്വങ്ങളും ചുമതലകളും ചട്ടം 153(1) പ്രകാരം പ്ലാനുകളും ഡ്രോയിംഗുകളും, ആക്ടിലെയും, ചട്ടങ്ങളിലെയും അല്ലെങ്കിൽ സർക്കാരോ, മുനിസിപ്പാലിറ്റിയോ (തദ്ദേശ സ്വയം ഭരണ സ്ഥാപനം) പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കർശനമായും പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും, ആ അർത്ഥത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് പ്ലാനുകളിലും ഡ്രോയിംഗുകളിലും രേഖപ്പെടുത്തി ഒപ്പുവെക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ചട്ടം 153(4) പ്രകാരം പ്ലാനിലും ഡ്രോയിംഗിലും, വിവരണങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയും, ഒപ്പുവെക്കുകയും ചെയ്യുന്നയാൾ ആ സർട്ടിഫിക്കറ്റിലും, പ്ലാനിലും, ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മക്കും സത്യാവസ്ഥക്കും ഉത്തരവാദിയായിരിക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം രജിസ്ട്രേർഡ് എഞ്ചിനീയർ എന്ന നിലയിൽ ശ്രീ. ഒ.വി. മഹമൂദിന്റെ ഭാഗത്ത് നിന്നും ടി പ്ലാൻ തയ്യാറാക്കിയതിൽ വീഴ്ച്ച സംഭവിച്ചതായി വ്യക്തമാണ്. കെട്ടിട നിർമ്മാണ അപേക്ഷയും, പ്ലാനും പരിശോധിച്ച് വസ്തുതാപരമായി തെറ്റായിരുന്നുവെങ്കിൽ പഞ്ചായത്ത് സെക്രട്ടറി നിർമ്മാണാനുമതി നിഷേധിക്കേണ്ടതായിരുന്നു എന്ന വാദം രജിസ്ട്രേർഡ് എഞ്ചിനീയർ എന്ന നിലയിൽ ടിയാൻ നിർവ്വഹിക്കേണ്ടിയിരുന്ന ചുമതലകളിൽ നിന്നും ഉത്തരവാദിത്വങ്ങളിൽ നിന്നുമുള്ള ഒഴിവുകഴിവല്ല എന്നതിനാലും, ടിയാന്റെ മറുപടി ,നേരിൽ കേട്ട വേളയിൽ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്, CTP (വിജി) ന്റെ റിപ്പോർട്ട്, വളപട്ടണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് എന്നിവ വിശദമായി പരിശോധിച്ചതിലും പ്ലാൻ തയ്യാറാക്കിയതിൽ ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ - എ ശ്രീ. ഒ.വി. മഹമൂദിന് വീഴ്ച്ച സംഭവിച്ചതായി എനിക്ക് ബോധ്യപ്പെട്ട് 1999 ലെ കെ.എം.ബി.ആർ. ചട്ടം 153 (8) പ്രകാരം ശ്രീ. ഒ.വി. മഹമൂദിന്റെ എഞ്ചി

നീയർ - എ രജിസ്ട്രേഷൻ (Reg. No.E-2050/08/5162/KKD/134/2013/EA) 01/9/2016 മുതൽ 6 മാസ കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ. ഒ.വി. മഹമൂദ് എഞ്ചിനീയർ - എ യുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാടില്ലാത്തതും, സസ്പെൻഷൻ വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതിനായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അസ്സൽ സഹിതം നഗരകാര്യ വകുപ്പിന്റെ കോഴിക്കോട് മേഖലാ കാര്യാലയത്തിൽ ഈ ഉത്തരവ് കൈപ്പറ്റി ഒരാഴ്ച്ചക്കകം നേരിൽ ഹാജരാക്കേണ്ടതുമാണ്.

ജോണി സെബാസ്റ്റ്യൻ
നഗരകാര്യ റീജിയനൽ ജോയിന്റ് ഡയറക്ടർ
കോഴിക്കോട്

ശ്രീ. ഒ.വി. മഹമൂദ്, മാണിക്കകാവിനു സമീപം, യമാമ, താണ പോസ്റ്റ്, കണ്ണൂർ -12

പകർപ്പ് :

1) ഗവ, സെക്രട്ടറി, തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പ്, തിരുവനന്തപുരം (ആമുഖ പത്രം സഹിതം)
2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (1999 ലെ കെ.എം.ബി.ആർ. ചട്ടം 153 (8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആമുഖ പത്രം സഹിതം)
3) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല
5) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം, കൊച്ചി
6) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
7) സെക്രട്ടറി, വളപ്പട്ടണം ഗ്രാമ പഞ്ചായത്ത്, വളപട്ടണം (പി.ഒ.)
8) കരുതൽ ഫയൽ

K.R 22/07